"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

## സംഗ്രഹം

പരിസ്ഥിതി വകുപ്പ് - സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിലെ ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീ.അനുരാജ്.കെ.-യുടെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.7/2026/ENVT തീയതി,തിരുവനന്തപുരം, 28-01-2026

---

പരാമർശം:- 1. 05.07.2022-ലെ സ.ഉ.(കൈ) നം.5/2022/പരി നം. ഉത്തരവ്.

2. ശ്രീ അനുരാജ് കെ-യുടെ 23.09.2025-ൽ സമർപ്പിച്ച അപേക്ഷ.

3. സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി അഡ്മിനിസ്ട്രേറ്ററുടെ 03-11-2025 തീയതിയിലെ SEIAA/248/2025-ASST 2 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമിതനായ ശ്രീ.അനുരാജ്.കെ.-യുടെ കാലാവധി 17-01-2026-ൽ അവസാനിച്ചതിനാൽ, ടിയാളുടെ കരാർ കാലാവധി 18-01-2026 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് പരാമർശം (3) പ്രകാരം, സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി അഡ്മിനിസ്ട്രേറ്റർ ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിലെ ടെക്നിക്കൽ അസിസ്റ്റന്റായ ശ്രീ.അനുരാജ്.കെ.-യുടെ കരാർ കാലാവധി 20.01.2026 മുതൽ ഒരു വർഷത്തേക്കോ, ടി തസ്തികയിൽ റഗുലർ നിയമനം നടക്കുന്നതുവരെയോ,

ഏതാണോ ആദ്യം അതുവരെ, ദീർഘിപ്പിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**UNNIKUTTAN S S**

അണ്ടർ സെക്രട്ടറി

1. ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്
2. അഡ്മിനിസ്ട്രേറ്റർ, സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി.
3. ശ്രീ.അനുരാജ്.കെ, ടെക്നിക്കൽ അസിസ്റ്റൻ്റ്, (സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി അഡ്മിനിസ്ട്രേറ്റർ മുഖേന).
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ) & ഇ), കേരള
5. ഡയറക്ടർ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഔദ്യാഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ENVT-A1/6/2026-ENVT).

ഉത്തരവിൻ പ്രകാരം

Signed by
Royi J
Date: 29-01-2026 10:16:56

സെക്ഷൻ ഓഫീസർ